**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **08-06-2021 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 വർഷത്തിൽ ശിപാർശ ചെയ്ത് ഭരണാനുമതി ലഭിച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ പദ്ധതിക്ക് പകരം പ്രവൃത്തി നിർദ്ദേശിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ എന്ന വ്യക്തമാക്കുമോ? | (എ) | നിയോജക മണ്ഡല ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ശുപാർശ ചെയ്യുന്ന പദ്ധതികൾക്ക് ആ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾക്കു പകരമായി പുതിയ പ്രവൃത്തികൾ ആ വർഷം തന്നെ ശുപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ചില ബഹു: എം.എൽ.എ-മാർക്ക് സമയബന്ധിതമായി പ്രവൃത്തികൾ ശുപാർശ ചെയ്യാൻ സാധിക്കാതെ വന്നതിനാൽ ബഹു: എം.എൽ.എ-മാരുടെ അഭ്യർത്ഥന മാനിച്ച് മേൽപറഞ്ഞ സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. ആ സമയപരിധിക്കുള്ളിൽ ശുപാർശ ചെയ്ത പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് അനുവദനീയമായ മറ്റു പ്രവൃത്തികൾ സമർപ്പിക്കാവുന്നതും അവയ്ക്ക് ഭരണാനുമതി നൽകാവുന്നതുമായിരുന്നു. ഇതനുസരിച്ച് 2016-17 മുതലുള്ള സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനുള്ള കാലാവധി പലപ്പോഴായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 30.04.2018 ആയിരുന്നു. പ്രസ്തുത സമയപരിധി അവസാനിച്ചതിനാൽ 2016-17 സാമ്പത്തിക വർഷ കാലാവധിയിൽ ശുപാർശ ചെയ്ത് ഭരണാനുമതി ലഭിച്ചെങ്കിലും നടപ്പാക്കാനാകാത്ത പ്രവൃത്തികൾക്ക് പകരം പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന് അനുവാദമില്ല. |

സെക്ഷൻ ഓഫീസർ